# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 168 | 10/03/2020 ൽ മറുപടിക്ക് |
|---|---|

**പി.എസ്.സി കോച്ചിംഗ് സ്ഥാപനങ്ങളുമായി സഹകരിക്കുന്ന സർക്കാർ ജീവനക്കാർ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. കെ. സി. ജോസഫ്<br>,, വി. ടി. ബൽറാം<br>,, എൽദോസ് പി. കുന്നപ്പിള്ളിൽ<br>,, ഐ. സി. ബാലകൃഷ്ണൻ** | | **പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | തലസ്ഥാനത്ത് പി.എസ്.സി. കോച്ചിംഗ് ക്ലാസ്സ് നടത്തുന്നവരിൽ ഭൂരിപക്ഷവും സർക്കാർ ജീവനക്കാരോ അവരുടെ ബിനാമികളോ ആണെന്ന ആക്ഷേപം ഗൗരവതരമല്ലേയെന്ന് അറിയിക്കാമോ; | (എ) | അതീവ ഗൗരവതരമാണ്. ഇതു സംബന്ധിച്ച് ലഭിച്ച പരാതിയിന്മേൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്.2-ൽ വി.ഇ. 1/2020/എസ്.ഐ.യു.2 എന്ന നമ്പരായി ഒരു വിജിലൻസ് അന്വേഷണം നടത്തി വരുന്നു. |
| (ബി) | മികച്ച റാങ്കുകൾക്കുവേണ്ടി പി.എസ്.സി കോച്ചിംഗ് സ്ഥാപനങ്ങൾ തമ്മിൽ നടക്കുന്ന കിടമത്സരം കാരണം പി.എസ്.സി. ചോദ്യപേപ്പർ ചോർത്തുവാനുള്ള സാഹചര്യം പോലും ഉണ്ടായതായി വിലയിരുത്തുന്നുണ്ടോ;വ്യക്തമാക്കാമോ; | (ബി) | ചോദ്യപേപ്പർ ചോരുന്ന സാഹചര്യം ഉണ്ടായിട്ടില്ല. |
| (സി) | പി.എസ്.സി. പരീക്ഷയുടെ ഗൈഡുകൾ തയ്യാറാക്കുന്നത് സർക്കാർ ജീവനക്കാർ ഉൾപ്പെടെയുള്ളവരാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (സി) | വിജിലൻസ് അന്വേഷണത്തിൽ ഇതിനകം ഒരു സർക്കാർ ജീവനക്കാരന്റെ പങ്ക് കണ്ടെത്തിയിട്ടുണ്ട്. |
| (ഡി) | പി.എസ്.സി റാങ്കുകാർ കോച്ചിംഗ് സെന്റർ പരസ്യത്തിൽ മോഡൽ ആകുന്നത് തടയുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (ഡി) | സർക്കാരിന്റെ പരിഗണനയിൽ വരേണ്ട വിഷയമല്ല. |
| (ഇ) | ഇത്തരം കോച്ചിംഗ് സെന്ററുകളുമായി പ്രത്യക്ഷമായോ പരോക്ഷമായോ സഹകരിക്കുന്ന സർക്കാർ ജീവനക്കാർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഇ) | ഈ വിഷയവുമായി ബന്ധപ്പെട്ട് നടന്നു വരുന്ന അന്വേഷണം പൂർത്തിയായാൽ മാത്രമേ ഈ വിഷയം സംബന്ധിച്ച് തീരുമാനം എടുക്കാൻ സാധിക്കുകയുള്ളു. |

Rohini J

സെക്ഷൻ ഓഫീസർ